**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
**മെയിൽ ഐ ഡി** :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

**LR/777/2024-LR(E7)**

**Date:02-02-2024**

**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**(ഹാജർ :Dr A KOWSIGAN IAS )**

വിഷയം :- ജീവനക്കാര്യം- ശ്രീമതി. പ്രീത. എസ്.ഡി.- വി.ഒ/എച്ച്.സി/ആർ.ഐ - തിരുവനന്തപുരം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ. (പി) 3/2017ഉഭപവ, തീയതി 25/02/2017
2. ഈ കാര്യാലയത്തിൽ നിന്നുള്ള 25/02/2023 ലെ LR /471/2023 LR (E7) നമ്പർ നടപടിക്രമം
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/01/2024 ലെ DCTVM/20/2024 S3 നമ്പർ കത്ത്.
4. ശ്രീമതി. പ്രീത.എസ്.ഡി.യുടെ അപേക്ഷ.

തൃശ്ശൂർ റവന്യൂ എസ്റ്റാബ്ളിഷ്മെന്റിൽ വിഒ/എച്ച്സി/ആർഐ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പ്രീത.എസ്.ഡി. (പെൻ 151909) 31/05/2024 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ സ്വന്തം ജില്ലയായ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 25/02/2023 ലെ സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് ഇടുക്കി ജില്ലയിൽ നിയമിച്ച ടിയാരിക്ക് HRMS മുഖേന അപേക്ഷിച്ചതിനെ തുടർന്ന് ഓപ്ഷന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതും നിലവിൽ ആ സ്റ്റേഷനിൽ ജോലി നോക്കി വരുന്നതുമാണ്. പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം സ്റ്റേഷനിൽ ഒരൊഴിവ് ഉള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ശ്രീമതി. പ്രീത.എസ്.ഡി.യുടെ അപേക്ഷ പരിഗണിച്ച് 31/05/2024 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിരമിക്കലിന്റെ ആനുകൂല്യം നൽകി ശ്രീമതി. പ്രീത.എസ്.ഡി. (പെൻ 151909) യെ തൃശ്ശൂർ സ്റ്റേഷനിൽ നിന്നും തിരുവനന്തപുരം സ്റ്റേഷനിലെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

തൃശ്ശൂർ ജില്ലാ കളക്ടർ ഉടൻ പ്രാബല്യത്തിൽ ടിയാരിയെ വിട്ടുതൽ ചെയ്യേണ്ടതും, തിരുവനന്തപുരം ജില്ലാ കളക്ടർ നിയമനം നൽകി വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

**Signed by Dr A Kowsigan**
**Ias**
**Date: 02-02-2024 12:41:24**
Dr A KOWSIGAN IAS, COMMISSIONER _ CLR, O/o Commissioner CLR

വ്യക്തിക്ക് (ജില്ലാ കളക്ടർ, തൃശ്ശൂർ മുഖേന)

പകർപ്പ് :

1. ജില്ലാ കളക്ടർ, തൃശ്ശൂർ/ തിരുവനന്തപുരം
2. നോഡൽ ആഫീസർ, സ്റ്റേറ്റ് ഐ.ടി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കമ്മീഷണർ / ജോയിന്റ് കമ്മീഷണറുടെ സി.എ. മാർക്ക്
4. അധിക/ കരുതൽ ഫയൽ